"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയഭരണ വകുപ്പ് - **Research and Development in selected aspects of Human Settlement Planning and Development** എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി **Rationalization of FSI in Kerala" - NIT Calicut** മായി ചേർന്ന് നടത്തുന്ന ഗവേഷണ പഠനത്തിന്റെ രണ്ടാം ഘട്ടം (തുടർപഠനം) - തുക ചെലവഴിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.**2681/2025/LSGD** തീയതി,തിരുവനന്തപുരം, **05-11-2025**

---

പരാമർശം:-

1. **30.01.2025**-ലെ സ.ഉ.(സാധാ)നം.**285/2025**/ത.സ്വ.ഭ.വ.നമ്പർ ഉത്തരവ്
2. **06.10.2025** ലെ തദ്ദേശസ്വയഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനറിന്റെ **PD/33756/2024-TCPB2** നമ്പർ കത്തും അതിനോടനുബന്ധിച്ചിട്ടുള്ള **NITC** സമർപ്പിച്ച **26.09.2025** ലെ പ്രൊപ്പോസൽ.

**<u>ഉത്തരവ്</u>**

**Research and Development in selected aspects of Human Settlement Planning and Development** എന്ന പ്ലാൻ സ്കീമിൽ **2025 - 26** സാമ്പത്തിക വർഷത്തിൽ ഗവേഷണ പഠനം നടത്തുന്നതിന് **"2217-05-001-68-34"** എന്ന ശീർഷകത്തിൽ നിന്നും **14** ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ളതാണ്. പ്രസ്തുത തുക ടി ആവശ്യത്തിനായി ചെലവഴിക്കുന്നതിനു തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. **"Rationalization of FSI in Kerala"** എന്ന ഗവേഷണ പഠനം **2024 - 25** സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിംഗ് ഏറ്റെടുത്തു നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ **Ministry of Housing & Urban Affairs (MoHUA)** നഗരാസൂത്രണം/നഗരരൂപകല്പന മേഖലയിലെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള **NIT Calicut** മായി ചേർന്ന് **"Rationalization of FSI in Kerala"** എന്ന വിഷയത്തിൽ ഗവേഷണ പഠനം നടത്തുന്നതിനും, പ്രസ്തുത പഠനത്തിന്റെ ആദ്യ രണ്ടു **Objectives** മാർച്ച് **2025** ഉള്ളിൽ പൂർത്തിയാക്കുന്നതിനു **2,50,000/-** (രണ്ടര ലക്ഷം രൂപ മാത്രം) രൂപ, **Research and Development in selected aspects of Human Settlement Planning and Development** എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി **2217-05-001-68-34** എന്ന ശീർഷകത്തിൽ നിന്നും ടി തുക **NIT Calicut** നു നൽകുന്നതിനും, പഠനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് **3, 4, & 5 Objectives**

സമയബന്ധിതമായി തുടർപദ്ധതിയായി വിഭാവനം ചെയ്ത് പൂർത്തിയാക്കുന്നതിലേയ്ക്ക് ശിപാർശ സമർപ്പിക്കേണ്ടതെന്നും ചീഫ് ടൗൺ പ്ലാനർക്കു നിർദ്ദേശം നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗവേഷണ പഠനത്തിന്റെ ആദ്യത്തെ രണ്ട് ഒബ്ജക്റ്റീവിന്മേലുള്ള പഠനം പൂർത്തിയാക്കി 2024 - 25 സാമ്പത്തിക വർഷം തന്നെ NIT Calicut അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. "Rationalization of FSI in Kerala" എന്ന ഗവേഷണ പഠനത്തിന്റെ Phase 2 ൽ വരുന്ന മൂന്ന് Objectives മേലുള്ള പഠനം നടത്തുന്നതിലേക്കുള്ള വിശദമായ പ്രൊപ്പോസൽ NIT Calicut സമർപ്പിച്ചിട്ടുണ്ടെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്.

(2) "Rationalization of FSI in Kerala" എന്ന ഗവേഷണ പഠനത്തിന്റെ രണ്ടാം ഘട്ടത്തിന്റെ പഠനത്തിന് വേണ്ടി വരുന്ന മൊത്തം ചെലവ് 19.18 ലക്ഷം ആണ്. ഇതിൽ 9.87 ലക്ഷം രൂപ സർക്കാരിൽ നിന്നും, ബാക്കി വരുന്ന 9.31 ലക്ഷം രൂപ Centre for Excellence വഹിക്കുന്നതാണെന്നും കൂടാതെ വകുപ്പ് നൽകേണ്ടതായ തുകയുടെ 20% തുക മുൻകൂറായി നൽകണമെന്നും ബാക്കി വരുന്ന തുക ഓരോ ഘട്ടത്തിലുള്ള പഠനവും നടത്തുന്നതിനനുസരിച്ച് നൽകണണമെന്നും NIT Calicut അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ "Rationalization of FSI in Kerala" എന്ന് ഗവേഷണപഠനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് തുടർപഠനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്ക് മികവിന്റെ കേന്ദ്രമായ NIT Calicut മായി ചേർന്ന് "Rationalization of FSI in Kerala" എന്ന ഗവേഷണ പഠനത്തിന്റെ രണ്ടാം ഘട്ടം (തുടർപഠനം) പൂർത്തിയാക്കുന്നതിനും NIT Calicut സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പ്രകാരം രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കേണ്ടതായ ബാക്കി വരുന്ന Objectives പൂർത്തിയാക്കുന്നതിലേക്ക് 9.87 ലക്ഷം രൂപ 2025 - 26 സാമ്പത്തിക വർഷത്തിൽ 2217 - 05 - 001 - 68 - 34 എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും ടി തുകയുടെ 20% ആയ 1.974 ലക്ഷം രൂപ മുൻകൂറായി NIT Calicut ന് നൽകുന്നതിനു അനുമതി ലഭ്യമാക്കണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനർ അഭ്യർത്ഥിച്ചിരിക്കുന്നു

(3) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും തദ്ദേശസ്വയഭരണ വകുപ്പ് ചീഫ് ടൗൺ പ്ലാനർ ലഭ്യമാക്കിയ പരാമർശം 2 ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കേന്ദ്ര സർക്കാരിന്റെ Ministry of Housing & Urban Affairs (MoHUA) നഗരാസൂത്രണം/നഗരരൂപകല്പന മേഖലയിലെ മികവിന്റെ കേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുള്ള NIT Calicut മായി ചേർന്ന് "Rationalization of FSI in Kerala" എന്ന വിഷയത്തിൽ ഗവേഷണ പഠനത്തിന്റെ രണ്ടാം ഘട്ടം (തുടർപഠനം) നടത്തുന്നതിനും NIT Calicut സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ വിവരിക്കുന്ന പ്രകാരം, പ്രസ്തുത പഠനത്തിന്റെ രണ്ടാം ഘട്ടത്തിൽ പൂർത്തിയാക്കേണ്ടതായ ബാക്കി വരുന്ന 3, 4 & 5 Objectives പൂർത്തിയാക്കുന്നതിനു 9.87 ലക്ഷം (ഒൻപതു ലക്ഷത്തി എൺപത്തിയേഴയിരം രൂപ മാത്രം) രൂപ, Research and Development in selected aspects of Human Settlement Planning and Development എന്ന പ്ലാൻ

സ്കീമിൽ ഉൾപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷത്തെ **2217 - 05 - 001 - 68 - 34** എന്ന ശീർഷകത്തിൽ നിന്നും **NIT Calicut** നു നൽകുന്നതിനും, ടി തുകയുടെ **20%** ആയ **1.97** ലക്ഷം (ഒരു ലക്ഷത്തിത്തൊണ്ണൂയിരത്തി എഴുപതു രൂപ മാത്രം) രൂപ മുൻ കൂറായി **NIT Calicut** ന് നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ , തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ &ഇ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 06-11-2025 10:34:42